**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **06-12-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഓഫീസ് നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | 2014-ൽ കൊച്ചി മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി വിട്ടുകൊടുത്ത രജിസ്ട്രേഷൻ ഓഫീസ് സമുച്ചയത്തിന് പകരമായി നാളിതുവരെ സർക്കാരോ കെ.എം.ആർ.എൽ. അധികൃതരോ സ്ഥലമോ കെട്ടിടമോ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അനുവദിച്ചിട്ടില്ല. |
| (ബി) | ഈ ഓഫീസുകൾ വാടക കെട്ടിടത്തിലേക്കു മാറ്റേണ്ടിവന്ന സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ 16.7.2022-ൽ ചേർന്ന യോഗത്തിൽ രജിസ്ട്രേഷൻ ഓഫീസ് പണിയാൻ പറ്റാത്ത ഏഴ് സെന്റ് സ്ഥലം റവന്യൂ വകുപ്പിനും റവന്യൂ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലം രജിസ്ട്രേഷൻ ഓഫീസ് നിർമ്മിക്കുന്നതിനുമായി നൽകാൻ തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസും, അനുബന്ധ ഓഫീസുകളും നിർമ്മിക്കുന്നതിന് രവിപുരത്ത് റവന്യൂ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് അനുവദിക്കുന്നതിനും, അതിനുപകരം എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപം രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഏഴ് സെന്റ് സ്ഥലം എറണാകുളം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (സി) | എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസും, അനുബന്ധ ഓഫീസുകളും നിർമ്മിക്കുന്നതിന് രവിപുരത്ത് റവന്യൂ വകുപ്പിന്റെ പത്ത് സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് അനുവദിക്കുന്നതിനും, അതിനുപകരം എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപം രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഏഴ് സെന്റ് സ്ഥലം എറണാകുളം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന് കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | രജിസ്ട്രാർ ഓഫീസ് പണിയാൻ തുക അനുവദിക്കുമോ എന്ന് വെളിപ്പെടുത്തുമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ